**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് തമിഴ്നാട് സർക്കാർ നടപ്പാക്കിയ മാതൃകയിൽ മണ്ണെണ്ണ സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | ഇപ്പോൾ പരിഗണനയിൽ ഇല്ല. നിലവിൽ മത്സ്യഫെഡ് മുഖേന അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിച്ച പ്രകാരമുള്ള അളവിൽ ലിറ്ററിന് 25 രൂപ സബ്സിഡിയായി ഡി.ബി.റ്റി ആയി നൽകി വരുന്നുണ്ട്.<br><br>10 HP വരെ - 140 ലിറ്റർ<br><br>10 HP മുതൽ 15 HP വരെ - 150 ലിറ്റർ<br><br>15 HP ക്ക് മുകളിൽ - 190 ലിറ്റർ |
| (ബി) | കാലാവസ്ഥ മുന്നറിയിപ്പുകൾ കാരണം ജോലിക്ക് പോകുവാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | പ്രകൃതി ക്ഷോഭത്തിന്റെയോ കടൽ ക്ഷോഭത്തിന്റെയോ ഫലമായി തുടർച്ച യായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നിലവിൽ ഒരു ദിവസം 200 രൂപ വീതം കണക്കാക്കി ധനസഹായം നല്കുന്നുണ്ട്.<br><br>കാലാവസ്ഥ മുന്നറിയിപ്പുകൾ കാരണം മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ ജോലിക്ക് പോകുവാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ